بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 07.08.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 07.08.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**മനുഷ്യപ്രകൃതിയിൽത്തന്നെ, അവൻ ആരുടേതെങ്കിലും ആയിരിക്കാൻ ആഗ്രഹിക്കുന്നതിനുള്ള ബീജം നാം വെച്ചിരിക്കുന്നു. അതുകൂടാതെ അവന്റെ മനസ്സിന് തൃപ്തി ഉണ്ടാകുകയില്ല. ആരുടേതെങ്കിലും ആയിത്തീരാനുള്ള ഏറ്റവും ഉത്തമമായ മാർഗം - അതുമുഖേന ദീനും ദുൻയാവും കിട്ടുന്നതാണ് - മനുഷ്യൻ അല്ലാഹുവിന്റേതാകുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുക എന്നതാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനുംശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളുടെ സംഭവങ്ങൾ നമ്മൾ വായിക്കുകയോ കേൾക്കുകയോ ചെയ്യുമ്പോൾ അവരുടെ സൽസ്വഭാവം, സത്യം തിരിച്ചറിയുന്നതിനുള്ള അവരുടെ ആവേശം, ജീവനും ധനവും ത്യാഗം ചെയ്യുന്നതിനുള്ള അവരുടെ തിളപ്പും ശ്രമവും, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള അനുരക്തിയുടേയും സ്നേഹത്തിന്റേയും അഭിരുചിയും ഗ്രാഹ്യവും അതിന്റെ പ്രകൃതവും കാണാൻ കഴിയുന്നു. ഇവർ ആദ്യം വന്നവരുമായി കൂടിച്ചേരുന്നതിനുവേണ്ടി, അവരവരുടേതായ രീതിയിൽ കടമ നിറവേറ്റാൻ പരിശ്രമിക്കുന്നവരായിരുന്നു. ഓരോരുത്തർക്കും തങ്ങളുടേതായ രീതി ഉണ്ടായിരുന്നു. അവരെ കണ്ടവരും അവരുമായി അടുത്ത ബന്ധം പുലർത്തിയിരുന്നവരും, ആ സ്വഹാബാക്കളുടെ എല്ലാ ജീവിതരീതിയിൽ നിന്നും സ്വഭാവങ്ങളിൽനിന്നും അവരുടേതായ രീതിയിൽ ഉപദേശം കരസ്ഥമാക്കുകയോ ചില കാര്യങ്ങളിൽനിന്ന് ഫലങ്ങൾ എടുക്കുകയോ ചെയ്തു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വും സ്വഹാബാക്കളിൽപ്പെട്ടയാളായിരുന്നു. ഏകദേശം എല്ലാ സ്വഹാബാക്കളോടും അല്ലെങ്കിൽ അദ്ദേഹം സംഭവങ്ങൾ വിവരിക്കുന്ന എല്ലാ സ്വഹാബാക്കളോടും അദ്ദേഹത്തിന് വ്യക്തിപരമായ ബന്ധമുണ്ടായിരുന്നു. അദ്ദേഹം സ്വഹാബാക്കളെക്കുറിച്ച് പറയുമ്പോൾ, അവരെ പ്രയോജനപ്പെടുത്തി ഉപദേശിക്കുമ്പോൾ ആ ഉപദേശങ്ങളുടെ പ്രത്യേകമായ സ്വാധീനം മനസ്സിൽ പതിയുകയും ചെയ്യുന്നു. ചിലപ്പോൾ നമ്മൾ ഏതെങ്കിലും സംഭവത്തിൽനിന്ന് ഒരുവശം എടുക്കാറുണ്ട്. പക്ഷേ, ചിന്തിക്കുമ്പോൾ വിവിധ വശങ്ങൾ മുന്നിൽ വരുന്നതായി കാണുന്നു. ഒരേയൊരു സംഭവം വിവിധ വർണത്തിൽ ഉപദേശമായിത്തീരുന്നു. ഉദാഹരണത്തിന് മൗലവി ബുർഹാനുദ്ദീൻ സാഹിബ് ജഹ്ലമിയുടെ സംഭവം! അത് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) സ്വന്തം രീതിയിൽ വിവരിച്ചു. മൗലവി ബുർഹാനുദ്ദീൻ സാഹിബ് ആദ്യമായി ഹദ്റത്ത് മസീഹ് മൗഊദു(അ)മായി കൂടിക്കാഴ്ച നടത്തി. അതും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നത് ഒരു ഫലിതം തന്നെയാണെന്നാണ്. മൗലവി ബുർഹാനുദ്ദീൻ സാഹിബ് പറയാറുണ്ടായിരുന്നു. 'ഞാൻ ഖാദിയാനിൽ വന്നു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഗുരുദാസ്പൂരിലായിരുന്നു. അതുകൊണ്ട് അവിടെപോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ)താമസിച്ചിരുന്ന വീടിന്റെ ഒരു ഭാഗത്ത് തോട്ടമുണ്ടായിരുന്നു. പരേതനായ ഹാമിദ് അലി സാഹിബ് വാതിൽക്കൽ ഇരിക്കുകയായിരുന്നു. അദ്ദേഹം എനിക്ക് ഉള്ളിൽ പോകാൻ അനുവാദം തന്നില്ല. എന്നാൽ, ഞാൻ അദ്ദേഹം കാണാതെ വാതിൽവരെ എത്തി. മെല്ലെ വാതിൽ തുറന്നു നോക്കിയപ്പോൾ ഹദ്റത്ത് സാഹിബ് ഉലാത്തുകയായിരുന്നു. വേഗം വേഗം ചുവടുകൾ നീട്ടിനീട്ടിവച്ചാണ് നടന്നിരുന്നത്.' ഹദ്റത്ത് മൗലവി സാഹിബ് പറയുന്നു: 'ഞാൻ പെട്ടെന്ന് പിന്നോട്ടു തിരിഞ്ഞു. വേഗം വേഗം ഉലാത്തിക്കൊണ്ടിരിക്കുന്ന ഈ വ്യക്തി സത്യവാനാണെന്ന് ഞാൻ മനസ്സിലാക്കി. തീർച്ചയായും ഇദ്ദേഹം ഏതോ ദൂരെയുള്ള സ്ഥലത്ത് എത്തേണ്ടയാളാണ്. അതുകൊണ്ടാണ് വേഗം വേഗം നടക്കുന്നത്.' ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'വഹാബിയായിരുന്നിട്ടും മൗലവി സാഹിബിന്റെ ഇത്തരത്തിലുള്ള ചിന്ത അത്ഭുതകരമായ കാര്യമാണ്. പൊതുവെ ഇക്കൂട്ടർ ശുഷ്കമനസ്കരാണ്. ഭീകരവാദികളാണ്. ഇപ്പോൾ നോക്കുക! അല്ലാഹു, ഹദ്റത്ത് മൗലവി സാഹിബിന് സത്യം മനസ്സിലാക്കിക്കൊടുക്കാൻ ഉദ്ദേശിച്ചിരുന്നു. അദ്ദേഹത്തിന് ഖുർആനികമായ എന്തെങ്കിലും തെളിവു കിട്ടണമെന്ന ചിന്തയുണ്ടായിരുന്നില്ല. ഏതെങ്കിലും ഹദീഥിന്റെ തെളിവുകൾ മനസ്സിലാക്കണമെന്ന വിചാരവും ഇല്ലായിരുന്നു; മറ്റെന്തെങ്കിലും തരത്തിലുള്ള തെളിവിന്റെ ചിന്തയുമുണ്ടായിരുന്നില്ല.

എന്തായാലും ഹദ്റത്ത് മൗലവി ബുർഹാനുദ്ദീൻ സാഹിബിന്റെ സൽപ്രകൃതി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വേഗത്തിലുള്ള നടപ്പുതന്നെ സത്യത്തിന്റെ അടയാളമായി മനസ്സിലാക്കി. ഹദ്റത്ത് മൗലവി സാഹിബിന്റെമേൽ പതിഞ്ഞ അല്ലാഹുവിന്റെ പ്രത്യേക സ്നേഹദൃഷ്ടിയായിരുന്നു അത്. എങ്കിൽ തെളിവുകൾ കേട്ടിട്ടും അടയാളം കണ്ടിട്ടും വിശ്വസിക്കാത്ത എത്രയോ ആളുകളുണ്ട്. എല്ലാ വഹാബികളും കഠിനഹൃദയരാണെന്ന് നമ്മൾ പറയുന്നതും ശരിയല്ല. ആഫ്രിക്കയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുകയും ബയ്അത്ത് ചെയ്യുകയും ചെയ്ത ആയിരക്കണക്കിന് വഹാബികളുണ്ട്. വഹ്യും ഇൽഹാമും എപ്പോഴും

ആവശ്യമുണ്ടെന്ന ബോധവും അവർക്കുണ്ടായി. ഔലിയാക്കളും അമ്പിയാക്കളും മഴപോലെയാണെന്നും അവരുടെ വരവോടെ ഭൂമി ഹരിതാഭമായിത്തീരുന്നുവെന്നും അവർ അറിഞ്ഞു. അതിനാൽ ആത്മീയമായ പച്ചപ്പിന് ഇൽഹാം തുടർന്നുകൊണ്ടിരിക്കേണ്ടത് അനിവാര്യമാണ്.

മദ്രാസുകാരനായ ഹദ്റത്ത് സേട്ട് അബ്ദുർറഹ്മാൻ സാഹിബിന്റെ ഒരു സംഭവമുണ്ട്. അദ്ദേഹത്തിൽ വലിയ ആത്മാർത്ഥത ഉണ്ടായിരുന്നു. നല്ലവണ്ണം തബ്ലീഗ് ചെയ്യുന്നയാളായിരുന്നു. ആദ്യകാലങ്ങളിൽ അദ്ദേഹത്തിന്റെ സാമ്പത്തിക നില വളരെ നല്ലതായിരുന്നു. അക്കാലത്ത് അദ്ദേഹം ദീനിനുവേണ്ടി വലിയ ത്യാഗങ്ങളും ചെയ്തിരുന്നു. 300, 400, 500 രൂപവരെ മാസന്തോറും ചന്ദ അയക്കാറുണ്ടായിരുന്നു. അല്ലാഹുവിന്റെ ശക്തിപ്രകടനമെന്ന് പറയട്ടെ, ചില തെറ്റായ തീരുമാനങ്ങൾ കാരണത്താൽ അദ്ദേഹത്തിന്റെ വ്യാപാരം തികച്ചും തകർന്നുപോയി. ഈ ഇൽഹാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായത് അദ്ദേഹത്തെക്കുറിച്ചായിരുന്നു.

**ഖാദിർഹെ വൊ ബാർഗാഹ് ജോ ടൂട്ടാ കാമ് ബനാദേ**
**ബനാ ബനായ തോഡ്ദെ കോയി ഉസ്കാ ഭേദ് നഃ പായേ**

തകർന്ന ജോലികൾ ശരിയാക്കുന്നതും ഉണ്ടാക്കിയതെല്ലാം തകർക്കുന്നതുമാണ് സർവശക്തന്റെ ആ ഡർബാർ. അതിന്റെ രഹസ്യം ആർക്കും അറിയാൻ കഴിയുകയില്ല.

ഈ ഇൽഹാം ഇറങ്ങിയപ്പോൾ, ആദ്യത്തെ വരിയിലേക്കു തന്നെ ശ്രദ്ധ പോകുകയും, സേട്ട് സാഹിബിന്റെ വ്യാപാരം ശരിയാകുമെന്ന വിചാരം ഉണ്ടാകുകയും ചെയ്തു. ആദ്യം ജോലി ഉണ്ടാകുമെന്നും പിന്നീട് തകർച്ച വരുമെന്നുമുള്ള രണ്ടാമത്തെ വരിയിലേക്ക് ആരുടേയും ശ്രദ്ധപോയില്ല. ഈ ഇൽഹാമുണ്ടായിക്കഴിഞ്ഞപ്പോൾ, കച്ചവടം തിളങ്ങാൻ തുടങ്ങി. അവസ്ഥ നന്നാകുകയും ചെയ്തു. എന്നാൽ, വീണ്ടും തകർന്നു. എത്രത്തോളമെന്നാൽ, ചില ഘട്ടങ്ങളിൽ അദ്ദേഹത്തിന്റെ പക്കൽ തിന്നാനും കുടിക്കാനും പോലും ഒന്നുമുണ്ടായിരുന്നില്ല. ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ) അത്ഭുതകരമായ സ്നേഹത്തിന്റെ രീതിയിൽ അദ്ദേഹത്തെക്കുറിച്ച് സ്മരിച്ചുകൊണ്ടു പറഞ്ഞു. സേട്ട് അബ്ദുർറഹ്മാൻ ഹാജി അല്ലാഹ് രഘാ സാഹിബിന്റെ ആത്മാർത്ഥത എത്രമാത്രം വലുതായിട്ടുള്ളതാണ്.' അദ്ദേഹത്തിന്റെ ബുദ്ധിമുട്ടുകൾ കണ്ടിട്ട് എന്തെങ്കിലും കച്ചവടം തുടങ്ങുന്നതിനോ പാത്രങ്ങൾ വില്ക്കുന്ന കട തുറക്കുന്നതിനോ ആയി രണ്ടായിരമോ മൂവായിരമോ രൂപ ആരോ അദ്ദേഹത്തിനു നല്കിയ അവസരത്തിൽ അതിൽനിന്ന് 500 രൂപ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അദ്ദേഹം അയച്ചുകൊടുത്തു; തനിക്ക് കാലങ്ങളായി ചന്ദ അയക്കാൻ കഴിഞ്ഞില്ലെന്നെഴുതുകയും ചെയ്തു. ഇപ്പോൾ അല്ലാഹു ഒരു തുക എനിക്കയച്ചുതന്നപ്പോൾ അതിൽനിന്ന് ദീനിനൊന്നും കൊടുക്കാതിരിക്കാൻ എന്റെ അഭിമാനം അനുവദിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ദീനിന്റെ സേവനത്തിന് അദ്ദേഹത്തിന്റെ ആത്മാർത്ഥത വളരെ വലുതായിരുന്നു.

ഒരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തെ വരച്ചുകാണിച്ചുകൊണ്ട് ആ മഹാത്മാവിന്റെ വാഗദത്ത മസീഹാണെന്ന വാദത്തിനുശേഷം ജനങ്ങൾ എങ്ങനെയാണ് പ്രതികരിച്ചത് എന്നതിനെ സംബന്ധിച്ച് വിവരിക്കുന്നുണ്ട്. നബി(സ) തിരുമേനിയുടെ ദാസത്വത്തിൽ മാത്രമാണ് ആ മഹാത്മാവിന് നബിയും റസൂലുമെന്ന സ്ഥാനം കിട്ടിയത്. മറ്റൊന്നുകൊണ്ടുമല്ല. എന്നിട്ടും മുസ്‌ലിംകളിലെ ഭൂരിപക്ഷം അദ്ദേഹത്തിന്റെ എതിരാളികളായി. എല്ലാ മതങ്ങളേയും ചാലഞ്ചു ചെയ്തതുകൊണ്ട് ക്രിസ്ത്യാനികളും ഹിന്ദുക്കളും അദ്ദേഹത്തിന്റെ എതിരാളികളാകുകയും അദ്ദേഹത്തെ അപമാനിക്കാൻ വലിയ ശ്രമങ്ങൾ നടത്തുകയും ചെയ്തു. അദ്ദേഹത്തിന്നെതിരിൽ കേസുകൾ കൊടുത്തു. എത്രത്തോളമെന്നാൽ, പൊതു അവധിയൊഴിച്ച് തുടർച്ചയായി മൂന്നുമാസംവരെ നിത്യവും പല മണിക്കൂറുകൾ കോടതിയിൽ നില്ക്കേണ്ടി വന്നു. ഒരു ദിവസം മജിസ്ട്രേട്ട് തന്റെ ശത്രുത കാരണത്താൽ അദ്ദേഹത്തെ വെള്ളം കുടിക്കാൻപോലും സമ്മതിച്ചില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "നമ്മൾ ഇന്ന് ഇക്കാര്യങ്ങൾ മറന്നുപോയിരിക്കുന്നു. എന്നാൽ, അക്കാലഘട്ടത്തിലെ പുണ്യാത്മാക്കൾക്ക് ഇതൊരു വലിയ പരീക്ഷണമായിരുന്നു. അവർ ഒരു ഭാഗത്ത് 'രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടുന്നതാണ്, നിന്നെ വിശ്വസിക്കാത്തവർ ലോകത്ത് ചെറിയ ജനതകളായിത്തീരും' തുടങ്ങിയ അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ കേട്ടിരുന്നു. എന്നാൽ, മറുഭാഗത്ത് നമ്മൾ കാണുന്നത്, നിസ്സാരതുകയായ നാന്നൂറ് അഞ്ഞൂറ് രൂപ ശമ്പളം പറ്റുന്ന ഹിന്ദു മജിസ്ട്രേട്ട് അദ്ദേഹത്തെ എഴുന്നേല്പിച്ചുനിറുത്തുന്നതും വെള്ളംപോലും കുടിക്കാൻ സമ്മതിക്കാത്തതുമാണ്. അങ്ങനെ നിന്ന് നിന്ന് അദ്ദേഹത്തിന് തലകറക്കമുണ്ടാകുന്നു. പാദങ്ങൾ ക്ഷീണിച്ചുപോകുന്നു. അല്ലാഹു ഇത്രമാത്രം വാഗ്ദാനങ്ങൾ നല്കിയിട്ടുള്ള ആ വ്യക്തി ഇയാളാണോ എന്നോർത്ത് ബലഹീനവിശ്വാസികൾ അത്ഭുതപ്പെടുന്നുണ്ടാകും. ചുരുക്കം പറഞ്ഞാൽ ഇതും പരീക്ഷണമായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഒരു കേസിന് വിധിപറയേണ്ടിയിരുന്ന ആ ദിവസത്തിന്റെ ദൃശ്യം എനിക്കോർമയുണ്ട്. നമ്മുടെ ജമാഅത്തിലെ ഒരു സുഹൃത്തുണ്ടായിരുന്നു. അദ്ദേഹത്തെ ഫിലോസഫർ എന്നാണ് ആളുകൾ വിളിച്ചിരുന്നത്. വിധി കേൾപ്പിക്കേണ്ട സമയമെത്തിയപ്പോൾ, മജിസ്ട്രേട്ട് തീർച്ചയായും ശിക്ഷ നല്കുമെന്നും തടവുശിക്ഷതന്നെ കൊടുക്കുമെന്നും ജനങ്ങൾക്ക് ഉറപ്പുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറസ്റ്റ് ചെയ്യുമെന്ന് ഒരു നിമിഷംപോലും ആത്മാർഥരായ അഹ്മദികൾക്ക് വിചാരിക്കാൻ കഴിയുമായിരുന്നില്ല. ആ ദിവസം കോടതിയിൽനിന്ന് കൂടുതൽ കരുതൽ നടപടികളും ചെയ്തിരുന്നു. സുരക്ഷാസംവിധാനങ്ങളും കൂടുതൽ ഏർപ്പെടുത്തിയിരുന്നു. അതായത് ഒരുപാട് പോലീസുകാരെ നിയമിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉള്ളിൽപോയപ്പോൾ കോടതി അധികൃതർ ഫിലോസഫർ സാഹിബിനെ വെളിയിൽ തടഞ്ഞുവെച്ചു. കാരണം അദ്ദേഹം മുൻകോപിയായിരുന്നു. ഫിലോസഫർ സാഹിബ് വലിയൊരു കല്ല് ഒരു മരത്തിനുകീഴെ ഒളിപ്പിച്ചുവെച്ചിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഭ്രാന്തൻ അലറി വിളിക്കുന്നതുപോലെ ഏങ്ങലടിച്ചുകരഞ്ഞുകൊണ്ട് പെട്ടെന്ന് ആ മരത്തിന്റെയടുത്തേക്ക് പായുകയും അവിടന്ന് ആ കല്ലെടുത്ത് നിർഭയനായി കോടതി ഭാഗത്തേക്ക് അദ്ദേഹം ഓടുകയും ചെയ്തു.' ജമാഅത്തിലെ

ആളുകൾ തടഞ്ഞില്ലായിരുന്നെങ്കിൽ മജിസ്ട്രേട്ടിന്റെ തല യിടിച്ചുപൊളിക്കുമായിരുന്നു. മജിസ്ട്രേട്ട് ശിക്ഷിക്കുകതന്നെ ചെയ്യുമെന്ന് അദ്ദേഹം വിചാരിച്ചിരുന്നു. ആ വിചാരത്തിന്റെ സ്വാധീനഫലമായിട്ടാണ് അദ്ദേഹം കല്ലുകൊണ്ടിടിക്കാൻ തയ്യാറായത്.

അത്തരം അവസ്ഥകളിൽ ചിലയാളുകളുടെ പ്രതികരണം ഇത്തരത്തിലുള്ളതായിരിക്കും. ബലഹീനവിശ്വാസികൾ മുർത്തദ്ദായിപ്പോകുന്നു. ആത്മാർഥരായവരുടെ ഈമാൻ വർധിക്കുന്നു. പക്ഷേ ഫിലോസഫർ സാഹിബിനെപോലെ ഒരുപാട് വികാരങ്ങൾ ഉൾക്കൊള്ളുന്നവരും ദ്വേഷക്കാരും സ്വയം പകരംവീട്ടാനും തയ്യാറാകുന്നു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളും ശിക്ഷണങ്ങളു മാണ് നമുക്ക് മാതൃകയും പ്രവർത്തനരൂപരേഖയും. അതെ പ്പോഴും നമ്മൾ ഓർക്കേണ്ടതാണ്. അതായത് ക്ഷമയോടും സഹിഷ്ണുതയോടുംകൂടി നമ്മൾ എപ്പോഴും പ്രവർത്തിക്കേ ണ്ടതാണ്. അല്ലാഹു അറിയിച്ചതുതന്നെയാണ് എന്തായാലും അവസാനം സംഭവിക്കേണ്ടത്. ഇൻശാഅല്ലാഹ്. ക്ഷമയോടും ദുആയോടുംകൂടി പ്രവർത്തിക്കുന്നവർ ഇൻശാഅല്ലാഹ് അതിന്റെ ദൃശ്യങ്ങൾ കാണുകയും ചെയ്യും.

നോമ്പു തുറക്കുന്ന നേരത്തെ സംബന്ധിച്ച് തന്റേതായ കാഴ്ചപ്പാടുണ്ടായിരിക്കുകയും പിന്നീട് അല്ലാഹു അദ്ദേഹ ത്തിന് മാർഗദർശനം നല്കുകയും ചെയ്ത അത്ഭുതകരമായ സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു. നമ്മുടെ ജമാഅത്തിൽ ഒരാളുണ്ടായിരുന്നു. ആളുകൾ അദ്ദേ ഹത്തെ ഫിലോസഫർ എന്നാണ് വിളിച്ചിരുന്നത്. ഇപ്പോൾ അദ്ദേഹം വഫാത്തായിപ്പോയി. അല്ലാഹു അദ്ദേഹത്തിന് മഗ് ഫിറത്ത് നല്കുമാറാകട്ടെ. പറയുന്നു: അദ്ദേഹത്തിന്റെ ഓരോ കാര്യത്തിലും തമാശ തോന്നുമായിരുന്നു. അവയിൽ ചിലത് വളരെ നല്ലതായിരുന്നു. അദ്ദേഹത്തെ ഫിലോസഫർ എന്നു പറയാൻ കാരണം, ഓരോ കാര്യത്തിലും പുതിയ പോയന്റു കൾ അദ്ദേഹം പറയാറുണ്ടായിരുന്നു എന്നതാണ്. ഒരിക്കൽ നോമ്പിനെക്കുറിച്ചുള്ള ചർച്ചയുണ്ടായി. അദ്ദേഹം പറഞ്ഞു, അവർ വെറുമൊരു വേഷം കെട്ടിയിരിക്കുകയാണ്. അതാ യത് മൗലവിമാർ, അല്ലെങ്കിൽ കർമശാസ്ത്രപണ്ഡിതന്മാർ പറയുന്നത് ഇടയത്താഴം അല്പം താമസിച്ചുപോയാൽ നോമ്പ് ശരിയാകുകയില്ല എന്നാണ്. 12 മണിക്കൂർ വിശന്നി രുന്നവർ അഞ്ചുമിനിറ്റ് വൈകി ഇടയത്താഴം കഴിച്ചാൽ എന്തു സംഭവിക്കാനാണ്. മൗലവി എടുത്തുചാടി ഫത്‌വ ഇറക്കു ന്നു, അവന്റെ നോമ്പ് പാഴായിപ്പോയെന്ന്! ചുരുക്കത്തിൽ അദ്ദേഹം നല്ലവണ്ണം വാദിച്ചു. രാവിലെ അദ്ദേഹം പരിഭ്രമി ച്ചുകൊണ്ട് ഖലീഫ അവ്വലിന്റെയടുക്കൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടമായിരുന്നു അത്. എന്നാൽ, ഖലീഫ അവ്വലായിരുന്നു ദർസു തുടങ്ങിയവ കൊടുത്തിരു ന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ മജ്‌ലിസിലും ധാരാള മാളുകൾ വരാറുണ്ടായിരുന്നു. വന്നുടനെ ഇന്ന് രാത്രി തനിക്ക് നല്ല വഴക്കുകിട്ടി എന്നു പറഞ്ഞു. എന്താണുണ്ടായതെന്ന് ഖലീഫ അവ്വൽ ചോദിച്ചു. പറഞ്ഞു: രാത്രിയിൽ ഞാൻ വാദ പ്രതിവാദം ചെയ്തുകൊണ്ടിരുന്നു. നോമ്പുകാരൻ ഇടയ ത്താഴം അല്പം വൈകിക്കഴിച്ചാൽ അവന്റെ നോമ്പ്, നോമ്പാ കുകയില്ലെന്ന് മൗലവിമാർ പറഞ്ഞുകൊണ്ടിരിക്കുന്നു. 12 മണി ക്കൂർ വിശന്നിരുന്നവൻ അഞ്ചുമിനിറ്റ് വൈകി ഇടയത്താഴം കഴിച്ചാൽ എന്തു സംഭവിക്കാനാണെന്ന് ഞാൻ വാദിച്ചു. ഈ സംവാദത്തിനുശേഷം ഞാൻ ഉറങ്ങി. ഞാൻ സ്വപ്നത്തിൽ കണ്ടു, അയല് കെട്ടുകയാണ്. ചരടിന്റെ ഒരറ്റം ആദ്യം ഒരു ആണിയിൽ കെട്ടി. പിന്നീട് ഞാൻ രണ്ടാമത്തെ ആണിയിൽ കെട്ടുന്നതിനുവേണ്ടി ചരട് കൊണ്ടുപോകുകയാണ്. ആണി യുടെ അടുത്തെത്തിയപ്പോൾ രണ്ടുവിരല്നീളം ബാക്കിയു ള്ളപ്പോൾ ചരട് തീർന്നു. എങ്ങനെയെങ്കിലും ആണിയിൽ കെട്ടാൻ ഞാൻ പലപ്രാവശ്യവും വലിച്ചു. പക്ഷേ, ചരട് എത്തി യില്ല. എന്റെ ചരട് മുഴുവൻ മണ്ണിൽ വീണു നശിച്ചുവെന്ന് ഞാൻ കരുതി. എന്നെ സഹായിക്കുക എന്നു പറഞ്ഞ് ഞാൻ ബഹളം വെക്കാൻ തുടങ്ങി. രണ്ടുവിരല് അളവിൽ ചരട് എത്താത്തതുകൊണ്ട് എന്റെ ചരട് മുഴുവൻ പാഴാകുന്നു. ഈ ബഹളം വെച്ചുകൊണ്ടിരിക്കുന്നതിനിടയിൽ എന്റെ കണ്ണു തുറന്നു. ഞാനുണർന്നുകഴിഞ്ഞപ്പോൾ, ഈ സ്വപ്നം മു ഖേന അല്ലാഹു എനിക്ക് പ്രശ്നം മനസ്സിലാക്കിത്തന്നുവെന്ന് ഞാൻ മനസ്സിലാക്കി, അതായത് രണ്ടുവിരൽ അളവിന്റെ ദൂരം ചരട് എത്തിയില്ലെങ്കിലും ചരട് മോശമായിപ്പോകും. അങ്ങനെ വരുമ്പോൾ 5 മിനിറ്റ് വൈകിയാൽ എങ്ങനെയാണ് നോമ്പാ കുക?

ഹദ്റത്ത് മസീഹ് മൗഊദ്(അ) മിക്കപ്പോഴും ഏതെങ്കിലും സൂഫിവര്യന്റെ വാക്കുകൾ പഞ്ചാബിഭാഷയിൽ വിവരിക്കാ റുണ്ടായിരുന്നു. ഒന്നുകിൽ നീ ആരുടെയെങ്കിലും മടിത്തട്ടി ന്റെ അറ്റം പിടിക്കുക. അല്ലെങ്കിൽ ഏതെങ്കിലും മടിത്തട്ട് നിന്നെ മൂടുക. അതായത് ഈ ലോകത്തിലെ ജീവിതം ഏതു രീതിയിലുള്ളതാണെന്നുവെച്ചാൽ ഇവിടെ ഒന്നുകിൽ നീ ആരുടേതെങ്കിലും ആയിത്തീരണം അല്ലെങ്കിൽ ആരെങ്കിലും നിന്റേതായിത്തീരണം. ഇതല്ലാതെ മറ്റൊരു വഴിയുമില്ല. അല്ലാഹു ഇതേ വിഷയത്തിലേക്ക്, സൂചന നല്കിക്കൊണ്ടു പറയുന്നു: **ഖലഖൽഇൻസാന മിൻ അലഖിൻ** അതായത് മനുഷ്യപ്രകൃതിയിൽത്തന്നെ, അവൻ ആരുടെയെങ്കിലും ആയിരിക്കാൻ ആഗ്രഹിക്കുന്നതിനുള്ള ബീജം നാം വെച്ചി രിക്കുന്നു. അതുകൂടാതെ അവന്റെ മനസ്സിന് തൃപ്തി ഉണ്ടാ കുകയില്ല. ആരുടേതെങ്കിലും ആയിത്തീരാനുള്ള ഏറ്റവും ഉത്തമമായ മാർഗം- അതുമുഖേന ദീനും ദുൻയാവും കിട്ടു ന്നതാണ്- മനുഷ്യൻ അല്ലാഹുവിന്റേതാകുകയും അതിനു വേണ്ടി പരിശ്രമിക്കുകയും ചെയ്യുക എന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പ്രണയത്തിന്റെ നിലവാ രവും അല്ലാഹുവുമായിട്ടുള്ള ബന്ധവും സംബന്ധിച്ച് ഒരു ഉദാഹരണം നല്കിക്കൊണ്ടു പറയുന്നു: ഈ ഉദാഹരണം ഒരു ഭ്രാന്തന്റേതാണ്. ഇപ്പോൾ അദ്ദേഹം മരണപ്പെട്ടുകഴി ഞ്ഞിരിക്കുന്നു. എന്റെ ഉസ്താദുമായിരുന്നു. എന്തായാലും ഇതിൽനിന്ന് പ്രണയത്തിന്റെ അവസ്ഥ എന്തായിരിക്കണ മെന്ന് നല്ലവണ്ണം വ്യക്തമാകുന്നുണ്ട്.

എന്റെ ഒരു ഉസ്താദുണ്ടായിരുന്നു. അദ്ദേഹം സ്കൂൾ അധ്യാപകനാണ്. പിന്നീട് അദ്ദേഹം നുബുവ്വത്ത് വാദിയാ യിത്തീർന്നു. അദ്ദേഹത്തിന്റെ പേര് മൗലവി യാർ മുഹമ്മദ് സാഹിബ് എന്നായിരുന്നു. അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദിനോട് അതിരറ്റ സ്നേഹമുണ്ടായിരുന്നു. അക്കാര ണത്താലാണ് അദ്ദേഹത്തിൽ ഭ്രാന്തത്വം അതിജയിച്ചതും.

മുമ്പേതന്നെ അദ്ദേഹത്തിന്റെ മനസ്സിൽ എന്തെങ്കിലും കുറവുണ്ടായിരിക്കാനും സാധ്യതയുണ്ട്. എന്നാൽ, ഞങ്ങൾക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹം കൂടിക്കൂടി അദ്ദേഹത്തിന് ഭ്രാന്തായി എന്നതാണ്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എല്ലാ പ്രവചനങ്ങളേയും താനുമായി ബന്ധപ്പെടുത്താൻ തുടങ്ങി. പിന്നീട് അദ്ദേഹത്തിന്റെ ഭ്രാന്ത് എത്രകണ്ട് കൂടിയെന്നാൽ, അദ്ദേഹം മസീഹ് മൗഊദ്(അ)ന്റെ ദർജയുടെ അടുത്തെത്താനുള്ള ആഗ്രഹത്തിൽ ചിലപ്പോൾ അനുവദനീയമോ ശരിയല്ലാത്തതോ ആയ കാര്യങ്ങൾ ചെയ്യാൻ തുടങ്ങി. ഉദാഹരണത്തിന് അദ്ദേഹം നമസ്കാരത്തിൽതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശരീരത്തിൽ തടവാൻ ശ്രമിക്കുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ ഈ ചലനങ്ങൾ കണ്ട് അദ്ദേഹത്തിന് രോഗമുണ്ടാകുമ്പോൾ ശ്രദ്ധിക്കാനും തന്റെ പിന്നിൽ വന്ന് ഇരിക്കാതിരിക്കാനും വേണ്ടി ചിലയാളുകളെ നിശ്ചയിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു ശീലമുണ്ടായിരുന്നു. അവിടന്ന് സംസാരിക്കുമ്പോൾ, പ്രസംഗിക്കുമ്പോൾ തന്റെ കൈ, തുടയിൽ പതുക്കെ അടിക്കുന്നതുപോലെ ചെയ്യുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ കൈ ചലിപ്പിക്കുമ്പോൾ മൗലവി യാർ മുഹമ്മദ് സാഹിബ് സ്നേഹത്തിന്റെ ആവേശത്തള്ളിച്ചയാൽ ഉടൻ ചാടിയെണീറ്റ് ഹദ്റത്ത് മസീഹ് മൗഊദിന്റെയടുക്കൽ എത്തുമായിരുന്നു. മൗലവി സാഹിബേ, താങ്കൾ എന്താണ് ചെയ്തതെന്ന് ആരെങ്കിലും ചോദിച്ചാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നെ ആംഗ്യത്തിലൂടെ വിളിച്ചു എന്ന് പറയുമായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(അ) ഈ ഉദാഹരണം നല്കിക്കൊണ്ടു പറഞ്ഞു: ‘ഇത് ഉന്മാദത്തിന്റേയും പ്രണയത്തിന്റേയും അവസ്ഥയാണ്. ശ്രദ്ധിക്കാതിരിക്കുമ്പോഴും പ്രേമഭാജനം ഉദ്ദേശ്യമൊന്നുകൂടാതെ ചലിപ്പിക്കുന്ന കൈയും തന്നെ അടുത്തേക്ക് വിളിക്കുന്നതായി പ്രേമി മനസ്സിലാക്കുന്നു. പക്ഷേ, നമ്മൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെന്ന് വാദിക്കുന്നവരാണ്. എന്നാൽ, അവനിൽനിന്ന് വ്യക്തമായ വിളി ഉണ്ടായിട്ടും അതായത് നമസ്കാരത്തിലേക്ക് വരിക, വിജയത്തിലേക്കു വരിക എന്ന് വിളിച്ചിട്ടും നമസ്കാരത്തിലേക്ക് ഓടിപ്പോകുന്നില്ല. ജുമുഅകളിലും തയ്യാറെടുപ്പോടും മുടങ്ങാതെയും പോകുന്നില്ല.

അതുകൊണ്ട് ഇക്കാര്യത്തിലേക്ക് എല്ലാ അഹ്മദികളും ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു വ്യക്തമായി വിളിക്കുമ്പോൾ ലബ്ബൈക്കു പറഞ്ഞുകൊണ്ട്, ആ ദൈവസ്നേഹത്തിൽ മുഴുകിയവനെപ്പോലെ എല്ലാവരേയും മറികടന്ന് വരേണ്ടതാണ്. മസ്ജിദുകളെ ജനസാന്ദ്രമാക്കാൻ ശ്രമിക്കേണ്ടതാണ്. ഇപ്പോൾ അവധി ദിവസങ്ങളാണ്. മാതാപിതാക്കൾ കുട്ടികളേയും കൊണ്ടുവരണം. പിന്നീട് പതുക്കെപ്പതുക്കെ അതവരുടെ ശീലമാക്കി മാറ്റണം.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 07.08.15
Malayalam Translation : Mau.Mohamad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala